**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **08-10-2024 - ൽ മറുപടിയ്ക്ക്**

**ചവറ നാച്ചറൽ ഫൈബർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം, ചവറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാച്ചറൽ ഫൈബർ പാർക്ക് എന്ന സ്ഥാപനത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ എത്ര തൊഴിലാളികളാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചവറ നാച്ചറൽ ഫൈബർ പാർക്കിന് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡബിൾ ഹെഡ് സ്പ്ലിംഗ് മെഷീൻ, 2 മീറ്റർ 4 ഷാഫ്റ്റ് മാറ്റിംഗ് ലൂം, കോപ്സ് വൈൻഡിംഗ് മെഷീൻ എന്നിവ വാങ്ങി ടി സ്ഥാപനത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>പ്രസ്തുത സ്ഥാപനത്തിൽ 5 ഡെയ്‌ലി വേജസ് തൊഴിലാളികളും 1 സ്ഥിരം ജീവനക്കാരനും ഉൾപ്പെടെ ആകെ 6 പേർ ജോലി ചെയ്തു വരുന്നു. |
| (ബി) | കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്ന തരത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള യന്ത്ര സാമഗ്രികളുടെ സ്ഥാപിത ശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ